# വിഷജലം

തൗഫീഖുൽ ഹകീം

(പുരാതന കാലത്തെ ഒരു രാജ കൊട്ടാരത്തിന്റെ ദർബാർ ഹാൾ. ഹാളിൽ രാജാവും മന്ത്രിയും തനിച്ചേയുള്ളൂ)

രാജാവ്: അയ്യോ!.......എന്തുമാത്രം ഭയാനകമായ വാർത്തയാണ് മന്ത്രി നമ്മെ അറിയിച്ചത്.

മന്ത്രി: വിധിയെന്നല്ലാതെ എന്തു പറയാൻ!....

രാ: (മന്ത്രിയോട്) രാജ്ഞിയും......?

മ: രാജ്യത്തെ സകല ജനങ്ങളും കുടിച്ചപോലെ അവരും.....

രാ: റാണി ഇപ്പോഴെവിടെയുണ്ട്?

മ: ആരാമത്തിൽ.

രാ: ഈ വിപത്ത് ഇവിടെയും നിൽക്കില്ല.

മ: മുന്തിരിച്ചാറ് മാത്രമേ കുടിക്കാവൂ എന്നും നദിയോടടുക്കുക പോലും ചെയ്യരുതെന്നും അവിടുന്നു മഹാറാണിയെ വേണ്ടത്ര ഉപദേശിച്ചതല്ലെ?....എങ്കിലും വിധി.....!

രാ: പറയൂ, റാണി നദീജലം കുടിച്ചിട്ടുണ്ടെന്ന് മന്ത്രി എങ്ങനെയറിഞ്ഞു?

മ: റാണിയുടെ നോട്ടവും ചലനങ്ങളും!...

രാ: അവർ മന്ത്രിയുമായി സംസാരിച്ചോ?

മ: എനിക്കവരെ അഭിമുഖീകരിക്കാൻ കഴിയുമ്പോഴേക്കും അവർ വിഭ്രാന്തിപൂണ്ട് ഓടിക്കളഞ്ഞു...അവരുടെ തോഴികളും ഓടിപ്പോയി. എല്ലാവരും എന്നെ തുറിച്ചുനോക്കിക്കൊണ്ടിരുന്നു.....!

രാ: (ആത്മഗതമെന്നോണം) ഇതെല്ലാം ആ സ്വപ്നത്തിൽ നാം കണ്ണുകൾകൊണ്ട് കണ്ടതാണ്......പരദേവതകളേ! രക്ഷിക്കണേ...(മന്ത്രിയോടായി) അതെ ഇതൊക്കെ മുമ്പേ നാം ഈ രണ്ടു കണ്ണുകൾകൊണ്ട് കണ്ടതാണ്....!

(അല്പനേരത്തെ നിശ്ശബ്ദതക്കു ശേഷം)

മ: എന്നായിരിക്കും നമ്മുടെ നദിക്ക് ശാപമോചനം ലഭിക്കുക?

രാ: ആർക്കറിയാം?.

മ: അങ്ങയുടെ സ്വപ്നത്തിൽ മുക്തിമാർഗത്തെ സൂചിപ്പിക്കുന്ന ഒന്നും കണ്ടിട്ടില്ലേ.....?

രാ: (ഓർക്കാൻ ശ്രമിച്ചുകൊണ്ട്) നാം പറഞ്ഞതിലധികമൊന്നും നമുക്കിപ്പോഴോർമ്മയില്ല.ആദ്യം നാം ഉഷസ്സു വർണത്തിൽ നമ്മുടെ നദികണ്ടു. പെട്ടെന്നു മാനത്തുനിന്നു കറുത്ത സർപ്പങ്ങൾ നദിയിൽ വന്നുവീണു. അവയുടെ ദന്തങ്ങളിൽനിന്ന് ഉഗ്രമായ വിഷം നദിയിലേക്ക് വമിച്ചു. അങ്ങനെ നദി നിശയുടെ നിറം പൂണ്ടു. ഒരശരീരിയും കേട്ടു. സൂക്ഷിക്കുക ഇനി മുതൽ ഭ്രാന്തൻ പുഴയിൽനിന്നും ആരും ജലപാനം ചെയ്യരുത്.!.....

മ: അയ്യോ. എന്തൊരു വിപത്ത്?.....!

രാ: പിന്നെ പ്രജകൾ മുഴുവനും കറുത്തവെള്ളം കുടുക്കുന്നതും കണ്ടു.

മ: രണ്ടുപേരൊഴിച്ച്....!

രാ: നാമും മന്ത്രിയും.

മ: ഹാ! ദൈവകാരുണ്യം!

രാ: മന്ത്രിക്കിതിൽ ആനന്ദമാണല്ലേ?

മ: (ക്ഷമാപണ സ്വരത്തിൽ) തിരുവുള്ളക്കേടുണ്ടാവരുത്! ഈയുള്ളവൻ ആത്മാർഥമായി ആഗ്രഹിക്കുന്നു, മഹാറാണിക്ക് പകരം നദീജലം കുടിച്ചത് ഞാനായിരുന്നെങ്കിൽ...!

രാ: മതി, മതി, ഈ ജല്പനങ്ങൾ.... ചുരുങ്ങിയ പക്ഷം ഇതിനൊരു പ്രത്യൗഷധം കണ്ടുപിടിക്കാനെങ്കിലും കഴിയുമോ എന്ന് നോക്കുകയല്ലാതെ.... അയ്യോ!....നമുക്ക് സഹിക്കാനാവുന്നില്ല... റാണിയുടെ അഗാധമായ ബുദ്ധിസാമർത്ഥ്യം! മുത്തുപോലെ തിളങ്ങുന്ന മനസ്സ്....അത് ഈ രാജ്യത്തിന്റെ ആകാശത്തേക്കുയർന്നു കഴിഞ്ഞു...!

മ: തീർച്ചയായും റാണി ഈ രാജ്യത്തിന്റെ സൂര്യനായിരുന്നു.

രാ: ഓഹും, മന്ത്രി എപ്പോഴും നാം പറയുന്നത് ഏറ്റു പറയുകയാണ്... ഒന്നും പ്രവർത്തിക്കുന്നില്ല...കൊട്ടാരത്തിലെ പ്രധാന വൈദ്യനെ വിളിക്കൂ... ഹും വേഗമാവട്ടെ.

മ: പ്രധാന വൈദ്യൻ? !

രാ: അതെ...പ്രധാന വൈദ്യനെത്തന്നെ....ഒരു പക്ഷെ അയാൾക്കിത് സുഖപ്പെടുത്താൻ കഴിയും...

മ: പ്രധാന വൈദ്യനും പൊയ്പോയ കാര്യം അവിടുന്ന് വിസ്മരിച്ചു!

രാ: പോയി?എങ്ങോട്ട്?...

മ: അദ്ദേഹവും നദിയിൽനിന്ന് വെള്ളം കുടിച്ചു.

രാ: അഹോ, എന്തൊരു ദുരന്തം!

മ: മഹാറാണിയുടെ സന്നിധിയിൽ അദ്ദേഹമുണ്ടായിരുന്നു...എന്നെ കാണുമ്പോഴേക്ക് അദ്ദേഹം ശക്തിയായി തലയാട്ടുന്നുണ്ട്. എന്താണാവോ അതിനർത്ഥം. എനിക്കൊന്നും മനസ്സിലാവുന്നില്ല....

രാ: പ്രധാന വൈദ്യനും ഭ്രാന്തായി?

മ: നദീജലം കുടിച്ചാൽ പിന്നെ....

രാ: ദൈവമേ, ഈ യുഗത്തിലെ ഏറ്റവും സമർത്ഥനായ വൈദ്യനാണദ്ദേഹം.... അദ്ദേഹത്തിന് ഭ്രാന്ത് പിടിക്കുക!.... എന്തൊരു മഹാനഷ്ടം........!

മ: അതും അദ്ദേഹത്തിന്റെ ചികിത്സാ സാമർത്ഥ്യം നമുക്ക് അത്യാവശ്യമായ ഒരു സന്ദർഭത്തിൽ.

രാ: ഈ രാജ്യത്ത് ഇനി നമ്മെ രക്ഷിക്കാൻ കഴിയുന്ന ഒരാളേയുള്ളൂ.

മ: അതാരാണാവോ?....

രാ: ജോത്സ്യമുഖ്യൻ.

മ: അഹോ കഷ്ടം!!

രാ: എന്ത്?....

മ: അദ്ദേഹവും.....!

രാ: എന്ത് അയാളും കുടിച്ചു?.!

മ: നമ്മുടെ ദുർവിധി തന്നെ!

രാ: ഏറ്റവും വലിയ വിപത്ത് ഇതു തന്നെയാണ്. സംശയമില്ല. രാജ്യത്തെ ഏറ്റവും വലിയ ബുദ്ധിമാനും പരിശുദ്ധനും ദൈവസാമീപ്യം സിദ്ധിച്ച ദേഹ

വുമായ ജോത്സ്യമുഖ്യന് പോലും ഭ്രാന്തവുക. ഇതേക്കാൾ ഘോരമായ വിപത്ത് മറ്റെന്താണ്!

മ; തിരുമേനി... ഞാൻ പറഞ്ഞില്ലേ....... ദുർവിധിയാണിത്....ദൈവേഛ സംഭവിച്ചു....

രാ: ശരിയാണ്...തുല്യതയില്ലാത്ത ഒരുമഹാ ദുരന്തം! ഇതിഹാസങ്ങളിൽ പോലും ഇത്തരമൊരു ദുരന്തം കാണുകയില്ല. ഒരു രാജ്യത്ത് എല്ലാവർക്കും ഒന്നടങ്കം ഭ്രാന്ത് പിടിക്കുക... അതും ഒറ്റയടിക്ക്....! രാജാവും മന്ത്രിയുമൊഴിച്ച് ആരും രക്ഷപ്പെടാതെ....!

മ: (മേലോട്ട് തലയുയർത്തിക്കൊണ്ട്) വാനദേവന്മാരേ കടാക്ഷിക്കണേ!....

രാ: ...വാനദേവൻ നമ്മുടെ ബുദ്ധി നശിപ്പിക്കാതെ നമ്മെയിരുവരേയും ഒഴിവാക്കി....നമ്മെ വാനദേവൻ ഇഷ്ടപ്പെടുന്നുവെന്നല്ലേ അതിനർത്ഥം? അപ്പോൾ തീർച്ചയായും നാം പ്രാർത്ഥിച്ചാലും ഉത്തരം നൽകപ്പെടാൻ അർഹരാണല്ലോ.. വരൂ കൊട്ടാരക്ഷേത്രത്തിലേക്ക്.... നമുക്ക് പൂജ നടത്തുക. നമ്മുടെ റാണിക്കും പ്രജകൾക്കും ബുദ്ധിയും തന്റേടവും തിരിച്ചുകൊടുക്കാൻ വാനദേവനോട് കേഴുക....അതുമാത്രമാണ് നമ്മുടെ അവസാനത്തെ അവലംബം......

മ: അതെ തിരുമേനീ...നമ്മുടെ അവസാനത്തേതും അത്യുത്തമവുമായ അഭയസ്ഥാനം വാനദേവൻ തന്നെ !...

(ഇരുവരും പുറത്തേക്കു പോകുന്നു)

—കർട്ടൻ—

**രംഗം –2**

(കൊട്ടാരത്തിലെ വിശാലമായ ഒരു മുറി. രാജ്ഞി അസ്വസ്ഥയായി ഇരിക്കുന്നു. പ്രധാന വൈദ്യനും ജോത്സ്യമുഖ്യനും കയറിവന്ന് റാണിയെ വന്ദിക്കുന്നു.)

രാജ്ഞി: അതിദാരുണമായ ഒരാപത്ത് തന്നെ!...

(പ്രധാന വൈദ്യനും ജോത്സ്യമുഖ്യനും ഒരുമിച്ച്)

അതെ മഹാറാണി, ദാരുണവും അത്യുഗ്രവുമായ വിനാശം.

രാജ്ഞി: (പ്രധാന വൈദ്യനോടായി)നിർഭാഗ്യരായ ഈ രണ്ടുപേർക്ക് അവരുടെ ബുദ്ധി തിരിച്ചുകിട്ടുവാൻ ഒരു മാർഗവുമില്ലേ?....

പ്ര:വൈ: തിരുവുള്ളക്കേടുണ്ടാകരുത് മഹാറാണി!....അടിയൻ ആവും വിധം ആലോചിച്ചു. അവരെ ബാധിച്ചതെന്താണെന്ന് തിരിച്ചറിയാൻപോലും ഈയുള്ളവന് കഴിഞ്ഞിട്ടില്ല....

രാജ്ഞി: അപ്പോൾ എന്റെ പ്രാണനാഥന്റെ രോഗമുക്തിയെ സംബന്ധിച്ചു പ്രധാന വൈദ്യൻ നിരാശനായിക്കഴിഞ്ഞു, അല്ലേ?

പ്ര:വൈ: അരുത് മഹാറാണീ!... നിരാശപ്പെടരുത്. ഒരുപക്ഷെ, ആകാശത്തുനിന്ന് വല്ല അമാനുഷികാത്ഭുതങ്ങളും ഇറങ്ങിവന്നിട്ടെങ്കിലും അവരെ രക്ഷിച്ചേക്കാം...പക്ഷെ... അത് വൈദ്യശാസ്ത്രത്തിന്നതീതമാണ്...

രാജ്ഞി: ജോത്സ്യമുഖ്യരേ... നിങ്ങൾ അവയിലൊന്ന് ഇപ്പോൾതന്നെ എനിക്കുവേണ്ടി അവതരിപ്പിക്കണം. ഇനിയൊട്ടും വൈകിക്കൂടാ.

ജോ: മു: അടിയൻ എന്തിൽനിന്ന് ഒന്നവതരിപ്പിക്കണമെന്നാണ് കല്പിക്കുന്നത്?

രാജ്ഞി: ആകാശത്തിലുള്ള അമാനുഷികമായ അത്ഭുതങ്ങളിലൊന്ന്.

ജോ: മു: ആകാശം! .. ഈയുള്ളവന് ആകാശത്തുനിന്ന് എന്തെങ്കിലും ഇറക്കിക്കൊണ്ടുവരാൻ കഴിയുമെന്ന് ആരാണിവിടത്തോട് പറഞ്ഞത്?

രാജ്ഞി: അതല്ലേ നിങ്ങളുടെ ജോലി?

ജോ: മു: നമുക്ക് തോന്നുമ്പോഴൊക്കെ പഴം പറിച്ചെടുക്കുവാൻ പറ്റുന്ന ഒരീത്തപ്പനയൊന്നുമല്ലല്ലോ മഹാറാണീ ആകാശം!

രാജ്ഞി: നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ലേ?....ഭർത്താവിനെ പ്രാണനേക്കാളുപരി സ്നേഹിക്കുന്ന ഒരു ഭാര്യയാണ് ഞാൻ. എനിക്കെന്റെ നാഥനെ രക്ഷിക്കണം. എന്റെ പ്രാണനാഥനെ!

പ്ര: വൈ: ക്ഷമിച്ചാലും !...മഹാറാണീ!...ക്ഷമിച്ചാലും....

ജോ: മു: റാണിയെ വിട്ടേക്കൂ... അവർ വിലപിച്ചോട്ടെ...മഹാനായ ഒരു ഭർത്താവിനെച്ചൊല്ലിയാണ് അവർ വിലപിക്കുന്നത്. തീർച്ചയായും അവർ കരയാനർഹയാണ്. ഈ വിപത്തിനെപ്പറ്റി ജനങ്ങളെങ്ങാൻ അറിഞ്ഞാൽ.... പ്രജാവത്സലനും പ്രതാപിയുമായ രാജാവിനെ ച്ചൊല്ലി കണ്ണീർ വാർക്കാത്തവരാരുണ്ടാകും?....

രാജ്ഞി: സൂക്ഷിക്കണം! ഈ വാർത്ത ജനങ്ങളിൽ ഒരു കുഞ്ഞും അറിഞ്ഞുപോകരുത്.

ജോ: മു: ഞങ്ങളിക്കാര്യത്തെക്കുറിച്ച് ശ്മശാനത്തെക്കാൾ മൂകരായിരിക്കും. ഈയ്യുള്ളവന് പേടി അതല്ല...നാം എത്രമറച്ചുവെച്ചാലും സത്യം ഒരു ദിവസം വെളിക്കു വരും... അയ്യോ! ...അതിലും വലിയ ഒരു വിപത്ത് എന്താണ്?...ആളുകളെല്ലാം അതറിയുക!...മഹാരാജാവിനും മന്ത്രിക്കും....

രാജ്ഞി: മിണ്ടാതിരിക്കൂ!....എനിക്കിതു കേൾക്കാൻ ത്രാണിയില്ല... ഹാവൂ!...

ജോ:മു: സത്യമായും അത് ഭയാനകമാണ്, ഭയങ്കര വിപത്ത്!...

രാജ്ഞി: എന്തുണ്ടൊരു രക്ഷാമാർഗം? നിങ്ങളിരുവരും നിരാശരാവരുത്..... എന്തെങ്കിലും ചെയ്യൂ.....അല്ലെങ്കിൽ എനിക്കും പിടിക്കും ഭ്രാന്ത്....സംശയമില്ല. ഈ അവസ്ഥ നീണ്ടുപോവുകയാണെങ്കിൽ!!

ജോ:മു: മഹാരാജാവിന്റെ തലച്ചോറിന് എന്തുപറ്റിപ്പോയെന്ന് ഈയുള്ളവന് അറിയാൻ കഴിഞ്ഞിരുന്നെങ്കിൽ!!!

രാജ്ഞി: അദ്ദേഹം എപ്പോഴും നദിയെക്കുറിച്ച് വിഭ്രാന്തിയോടെ സംസാരിക്കുന്നുണ്ട്...അതിലെ വെള്ളത്തിൽ വിഷം കലർന്നിട്ടുണ്ടെന്നാണ് പറയുന്നത്.

ജോ:മു: പിന്നെ എന്താണ് മഹാരാജാവ് കുടിക്കുന്നത്?....

രാജ്ഞി: മുന്തിരി മദ്യം. മുന്തിരി മദ്യമല്ലാതെ മറ്റൊന്നും കുടിക്കുന്നില്ല...

പ്ര:വൈ: മുന്തിരിക്കള്ള്....അല്ലെ?.... ശരി...മഹാരാജാവിന് ലഹരി ബാധിച്ചിരിക്കണമെന്നാണ് ഈയുള്ളവന്റെ ബലമായ സംശയം.

രാജ്ഞി: അതാണ് രോഗമെങ്കിൽ ചികിത്സ വളരെയെളുപ്പമല്ലേ?..... അദ്ദേഹത്തിന് മദ്യം കൊടുക്കരുതെന്ന് വെക്കണം....

പ്ര: വൈ: എന്നിട്ട് പിന്നെ എന്ത് കുടിപ്പിക്കും?

രാജ്ഞി: നദീജലം കൊടുക്കണം!..

പ്ര:വൈ: അതിന്ന് മഹാരാജാവ് സമ്മതിക്കുമെന്ന് വിചാരിക്കുന്നുണ്ടോ മഹാറാണീ?

രാജ്ഞി: ഞാനദ്ദേഹത്തെ നിർബന്ധിക്കും.

പ്ര:വൈ: (അപ്പുറത്തുനിന്ന് കേട്ട ഒരു ശബ്ദത്തിന് നേരെ തിരിഞ്ഞുനോക്കിക്കൊണ്ട്) മഹാരാജാവ് എഴുന്നള്ളുന്നു!

രാജ്ഞി: (ജോത്സ്യമുഖ്യനേയും പ്രധാനവൈദ്യനേയും നോക്കിക്കൊണ്ട്) നിങ്ങൾ പൊയ്ക്കൊള്ളൂ. ഞങ്ങൾക്കല്പം തനിച്ച് സംസാരിക്കണം.

(വൈദ്യനും ജോത്സ്യനും പോവുന്നു, രാജ്ഞി രാജാവിനെ സ്വീകരിക്കാൻ തയ്യാറെടുക്കുന്നു)

രാ: (പെട്ടെന്ന് രാജ്ഞിയെക്കണ്ട് സ്തംഭിച്ചു നിന്നിട്ട്) ഓമന ഇവിടെ?!!

രാജ്ഞി: (രാജാവിനെ സൂക്ഷിച്ചു നോക്കുന്നു) അതെ!

രാ: എന്തിനാണ് നമ്മെയിങ്ങനെ തുറിച്ചു നോക്കുന്നത്?....

രാജ്ഞി: (രാജാവിനെ നോക്കി ദുഃഖപരവശയായി നെടുവീർപ്പിട്ടു കൊണ്ട് ) അല്ലയോ!...അമാനുഷികമായ അത്ഭുതമേ കനിഞ്ഞാലും !

രാ: (രാജ്ഞിയെ ദയനീയമായി നോക്കുന്നു) നമ്മുടെ കഷ്ടകാലം!....നമ്മുടെ ഹൃദയം പിളരുന്നു!....നാമനുഭവിക്കുന്ന വേദനയെപ്പറ്റി ഓമനക്കറിയാൻ കഴിഞ്ഞിരുന്നെങ്കിൽ!!!...

രാജ്ഞി: (രാജാവിന്റെ മുഖത്തേക്കുറ്റുനോക്കിക്കൊണ്ട്) എന്ത്?....

രാ: ങ്ഹും! എന്ത്?...അതെ ഓമനക്കറിയില്ല... ഈ മനോഹരമായ ശിരസ്സിന് ഒന്നും ഗ്രഹിക്കാൻ കഴിയില്ല.

രാജ്ഞി: എന്താണ് അവിടുത്തെ വേദനിപ്പിക്കുന്നത്?

രാ: നമ്മെ വേദനിപ്പിക്കുന്നത്!... നമുക്കത് പറയാൻ വയ്യ!...അതെ നമ്മുടെ സഹനശക്തിക്കതീതമാണ്!......

രാജ്ഞി: (അത്ഭുതഭാവത്തിൽ) ഈ ദാരുണ വിപത്തിനെപ്പറ്റി അങ്ങു ബോധവാനാണോ?...

രാ: ഓമനയെന്നോടു ചോദിക്കയാണോ? ....ഓമനക്കെന്തു ബോധം?!

രാജ്ഞി: (അമ്പരപ്പോടെ) എന്തൊരത്ഭുതം!....

രാ: നാം ദുഃഖിക്കുകയല്ലാതെന്തുചെയ്യും!

രാജ്ഞി: (പ്രേമാർദ്രമായി അല്പനേരം രാജാവിനെ കടാക്ഷിച്ചശേഷം ) എന്റെ പ്രാണനാഥൻ വന്നാലും!....ഈ വിരുപ്പിൽ ഇവളുടെ കൂടെ ഇരുന്നാലും..... അവിടുന്ന് ഇങ്ങനെ വിഷമിക്കാതെ.....ഈ ഘോരശാപം നമ്മിൽനിന്ന് നീങ്ങിപ്പോകാറായിരിക്കുന്നു.

രാ: എന്താണ് ഓമന പറയുന്നത്?

രാജ്ഞി: ഓഹും...സമാധാനമായിരിക്കൂ. എല്ലാം ശരിയാകും....

രാ: (അമ്പരപ്പോടെ തുറിച്ചുനോക്കിക്കൊണ്ട്)സംഗതികളെക്കുറിച്ച് ഭവതിയും ബോധവതിയാണെന്നോ?......

രാജ്ഞി: എന്റെ നാഥാ!.....എനിക്കെങ്ങനെ ബോധമില്ലാതിരിക്കും... അതല്ലെ എന്റെ ഹൃദയത്തെ ദുഃഖം കൊണ്ട് വീർപ്പുമുട്ടിക്കുന്നത്.....

രാ: (രാജ്ഞിയെ സൂക്ഷിച്ചുനോക്കിക്കൊണ്ട്) അത്ഭുതം!...മഹാത്ഭുതം.

രാജ്ഞി: എന്തിനാണെന്നെയിങ്ങനെ തുറിച്ചു നോക്കുന്നത്?.....

രാ: (സ്നേഹവും ദൈന്യതയും സ്ഫുരിക്കുന്ന സ്വരത്തിൽ) ആകാശദൈവങ്ങളെ!!!

രാജ്ഞി: ആകാശദൈവങ്ങളോടാണോ പ്രാർത്ഥിക്കുന്നത്?....ആകാശദൈവങ്ങൾ വേണ്ടത്ര അനുഗ്രഹിച്ചു കഴിഞ്ഞിരിക്കുന്നു!....

രാ: നാം എന്താണീ കേൾക്കുന്നത്?....

രാജ്ഞി: (ആഹ്ലാദത്തോടെ) നാം ഔഷധം കണ്ടെത്തിയിരിക്കുന്നു!....

രാ: ഓമന ഔഷധം കണ്ടെത്തി?....എപ്പോൾ...

രാജ്ഞി: (ആഹ്ലാദത്തോടെ) ഇന്ന്!.....

രാ: (സന്തോഷത്തോടെ) നമ്മുടെ മഹാഭാഗ്യം!....

രാജ്ഞി: അതെ നമ്മുടെ മഹാഭാഗ്യം.... അവിടുന്ന് ഈയുള്ളവൾ പറയുന്നത് ശ്രദ്ധിച്ചാലും....ഈയുള്ളവളുടെ നിർദ്ദേശങ്ങളനുസരിച്ചാലും.... അവിടുന്ന് ഇന്ന് മുതൽ മുന്തിരിക്കള്ള് കുടിക്കുന്നത് നിർത്തണം....അങ്ങ് നദീജലം കുടിക്കണം..... അത് മാത്രം മതി!!....

(രാജാവിന്റെ മുഖം ദുഃഖം കൊണ്ടും നൈരാശ്യം കൊണ്ടും കരുവാളിക്കുന്നു. രാജ്ഞിയെ തുറിച്ചുനോക്കുന്നു.)

രാ: നദീജലം?!.....

രാജ്ഞി: (ഉറച്ച സ്വരത്തിൽ) അതെ......നദീജലം തന്നെ......!

രാ: (ആത്മഗതമായി) നമ്മുടെ ശനിദശ... ഇത് കേൾക്കാനാണല്ലോ ആകാശം പ്രസാദിച്ചുവെന്ന് ധരിച്ചുവശായത്!!!....

രാജ്ഞി: (ഉറച്ച സ്വരത്തിൽ) ഈയുള്ളവൾ പറയുന്നത് ശ്രദ്ധിക്കണം... ഇവളുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കണം....

(രാജാവ് രാജ്ഞിയെ ദയനീയമായി നോക്കുന്നു.)

രാ: (സ്വാഗതം) ദിവസം കഴിയുന്തോറും കാര്യം ഗുരുതരമായി വരികയാണ്.... ഇവൾ നമ്മോട് ഇപ്രകാരം സംസാരിക്കുന്നത് നമുക്ക് ചിന്തിക്കുവാൻ പോലും കഴിഞ്ഞിട്ടുണ്ടോ?!...നമ്മുടെ ഓമനക്ക് ഈ അവസ്ഥ വരുന്നത് സങ്കല്പിക്കാൻ പോലും കഴിഞ്ഞിരുന്നോ?....കഷ്ടം...ഓമനയെ രക്ഷിക്കണം....രക്ഷിച്ചേ തീരൂ. നമ്മുടെ തലയിൽനിന്നും സ്വബോധം മായാൻ തുടങ്ങുകയാണ്..... (പെട്ടെന്ന് ഇറങ്ങിപ്പോവുന്നു.)

രാജ്ഞി: (ആത്മഗതം) പ്രധാനവൈദ്യൻ പറഞ്ഞതാണ് ശരി. രോഗം വളരെ ഗുരുതരമായിരിക്കുന്നു. വിചാരിക്കുന്നതിനേക്കാൾ!....(നെടുവീർപ്പിട്ടുകൊണ്ട് സ്ഥലം വിടുന്നു.)

–കർട്ടൻ–

### രംഗം –3

(പഴയ ദർബാർ ഹാൾ. രാജാവ് ഗാഢമായി ചിന്തിച്ചുകൊണ്ട് ഇരിക്കെ മന്ത്രി കയറി വരുന്നു.)

മ: ആദ്യന്തം ഭയാനകമായ ഒരു വാർത്തയുംകൊണ്ടാണ് ഞാൻ മുഖം കാണിക്കുന്നത്.

രാ: (പരിഭ്രാന്തിയോടെ) ഇനിയും ഭയാനകമായ വാർത്തയോ?

മ: ജനങ്ങൾ നമ്മെക്കുറിച്ച് പറഞ്ഞുനടക്കുന്നതെന്താണെന്ന് മഹാരാജാവ് അറിഞ്ഞിട്ടുണ്ടോ?

രാ: ഏത് ജനങ്ങൾ?.

മ: ഭ്രാന്തു പിടിപെട്ട പ്രജകൾ

രാ: അവരെന്താണ് പറയുന്നത്

മ: അവരാണ് ബുദ്ധിയുള്ളവരെന്ന്. രാജാവിനും മന്ത്രിക്കുമാണത്രെ ബുദ്ധിഭ്രംശം ബാധിച്ചിരിക്കുന്നത്!

രാ: ഛെ!...നിർത്തൂ.. ആരാണീ തോന്ന്യാസം പ്രചരിപ്പിക്കുന്നത്?

മ: ഇന്നിത് ജനങ്ങളുടെ വിശ്വാസമായിരിക്കുന്നു തിരുമേനീ!

രാ: (വേദനയും പരിഹാസവും കലർന്ന സ്വരത്തിൽ) ബുദ്ധിഭ്രംശം നമുക്കിരുവർക്കുമോ?....ആകാശദൈവങ്ങളേ കടാക്ഷിക്കണേ....അവർക്ക് ഭ്രാന്താണെന്ന് അവർ അറിയുന്നില്ല....

മ: അവിടുന്ന് പറഞ്ഞത് സത്യമാണ്.....

രാ: ഭ്രാന്തൻ തനിക്ക് ഭ്രാന്തുണ്ടെന്ന് അറിയുകയില്ലെന്ന് തോന്നുന്നു.

മ: അതുതന്നെയാണ് ഈയുള്ളവന്നും തോന്നുന്നത്....

രാ: നമ്മുടെ റാണി....കഷ്ടം!..... അവരിപ്പോൾ നമ്മോടു സംസാരിച്ചത് പൂർണ്ണബോധത്തോടുകൂടി സംസാരിക്കുന്നതുപോലെയാണ്. മാത്രമല്ല അവർ നമ്മോട് ദുഃഖം പ്രകടിപ്പിക്കുകയും നമ്മെ ആശ്വസിപ്പിക്കുകയും ഉപദേശിക്കുകയുമൊക്കെ ചെയ്തുകൊണ്ടിരുന്നു!.....

മ: ഹാ!... കഷ്ടം! അതാണീ രോഗത്തിന്റെ പ്രത്യേകത. ഞാൻ കണ്ടുമുട്ടിയ കൊട്ടാരാംഗങ്ങളും നഗരവാസികളുമെല്ലാം അങ്ങനെത്തന്നെയാണ് പെരുമാറിയത്.

രാ: ആകാശദൈവങ്ങളേ, അവരോട് കരുണ കാണിക്കണേ!....

മ: (സംശയിച്ചുകൊണ്ട്) ഞങ്ങളോ

ടും.....

രാ: (അത്ഭുതപൂർവം) നമ്മളോടും?......

മ: എനിക്ക് ഒരു സംശയം.....

രാ: (സംഭ്രമം വിട്ടുമാറാതെ) സംശയം? എന്തു സംശയം?

മ: അവർ......അവരെല്ലാം.....

രാ: അവർ?....ആര്?...

മ: പ്രജകൾ... ഭ്രാന്തന്മാർ....അവർ നമ്മളിൽ ഭ്രാന്ത് ആരോപിക്കുന്നു...നമ്മെ ചൊല്ലി നെടുവീർപ്പിടുന്നു...നമുക്കു വേണ്ടി സഭകൾ ചേർന്നു കൂടിയാലോചനകൾ നടത്തിക്കൊണ്ടിരിക്കുകയാണ് അവരിപ്പോൾ...അവരുടേയും അവരുടെ മസ്തിഷ്ക്കത്തിന്റെയും അവസ്ഥ എന്തുതന്നെയായാലും ഭൂരിപക്ഷം അവർക്കാണ്. എന്നല്ല ഇപ്പോൾ അവർക്കു മാത്രമാണ് ഭ്രാന്തും തന്റേടവും തമ്മിൽ വേർതിരിക്കുവാനുള്ള അധികാരം. കാരണം, അവർ....അവർ സമുദ്രമാണ്....നമ്മളോ!...കരയിലെ രണ്ട് മണൽത്തരികൾ മാത്രം. ഈയുള്ളവന്റെ അഭിപ്രായം മഹാരാജാവ് കേൾക്കുമോ ആവോ?!....

രാ: മന്ത്രി പറയാനാഗ്രഹിക്കുന്നതെന്താണെന്ന് നമുക്ക് മനസ്സിലാകുന്നുണ്ട്.

മ: അങ്ങ് എന്റെ കൂടെ വന്നാലും...നമുക്കും അവരെപ്പോലെയാകാം.... നമുക്കും നദീജലം കുടിക്കാം.....

രാ: (മന്ത്രിയെ സൂക്ഷിച്ചുനോക്കിക്കൊണ്ട്) പാവം മനുഷ്യൻ...നീ കുടിച്ചുകഴിഞ്ഞിരിക്കുന്നു, നിന്റെ കണ്ണിൽ ഉന്മാദം ജ്വലിക്കുന്നത് നാം കാണുന്നുണ്ട്.

മ: മഹാരാജാവേ ഇല്ല, ഇതുവരെ ചെയ്തിട്ടില്ല....

രാ: നമ്മോടു സത്യം പറയണം....

മ: (ദൃഢസ്വരത്തിൽ) ഞാൻ സത്യം മാത്രമേ അവിടുത്തോടു പറയൂ.... പക്ഷെ ഞാൻ കുടിക്കും...മറ്റുള്ളവരെപ്പോലെ ഒരു ഭ്രാന്തനായിത്തീരുവാൻ ഞാൻ തീരുമാനിച്ചുകഴിഞ്ഞു...എന്റെ ബുദ്ധിയുമായി അവരുടെയിടയിൽ ജീവിക്കുവാൻ വയ്യ തിരുമേനീ!......

രാ: സ്വന്തം വായകൊണ്ട് തലയിലെ ബുദ്ധിദീപം ഊതിക്കെടുത്തുകയോ?.....

രാ: ബുദ്ധിയുടെ വെളിച്ചം!....ഭ്രാന്തസാമ്രാജ്യത്തിൽ ബുദ്ധിയുടെ വെളിച്ചത്തിന്ന് എന്തു വിലയാണുള്ളത്? മഹാരാജാവ് വിശ്വസിച്ചാലും...നാം ഈ നിലയിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ തീർച്ചയായും ഒരു ദിവസം ജനങ്ങൾ നമ്മുടെ നേരെ ചാടിവീഴും. ഇപ്പോൾ തന്നെ അവരുടെ കണ്ണുകളിൽ നാശത്തിന്റെ തീപ്പൊരികൾ പറക്കുന്നത് എനിക്ക് കാണാൻ കഴിയുന്നുണ്ട്....ഇല്ല.... അധികം താമസിയാതെത്തന്നെ "മഹാരാജാവിന്നും മന്ത്രിക്കും ഭ്രാന്താണ്. അതുകൊണ്ട് നമുക്കവരെ സ്ഥാനഭ്രഷ്ടരാക്കുക" എന്ന് വിളിച്ചുകൂവി ജനങ്ങൾ തെരുവിലിറങ്ങുമെന്നാണ് എനിക്കു തോന്നുന്നത്.

രാ: എങ്കിലും നാം ഭ്രാന്തന്മാരല്ല.

മ: അത് നമുക്കെങ്ങനെ അറിയാം തിരുമേനീ?

രാ: എന്ത്? മന്ത്രി എന്താണീ പറയുന്നത്?

മ: അവിടുന്നല്ലേ ഇപ്പോൾ പറഞ്ഞത് ഭ്രാന്തൻ താൻ ഭ്രാന്തനാണെന്നറിയുകയില്ലെന്ന്.....

രാ: (ഉച്ചത്തിൽ)എന്നാലും നമുക്ക് ഭ്രാന്തില്ല...നമുക്ക് നല്ല ബോധമുണ്ട്...ഈ ജനങ്ങളാണ് ഭ്രാന്തന്മാർ.

മ: തിരുമേനീ, അവരും പറയുന്നത് അതുതന്നെയാണ്.....

രാ: മന്ത്രിയും?...മന്ത്രിയും നമ്മുടെ ബുദ്ധിയെപ്പറ്റി സംശയിക്കുന്നു?

മ: അങ്ങയെപ്പറ്റി എനിക്ക് മാത്രം വിശ്വാസമുണ്ടായതുകൊണ്ട് ഒരു കാര്യവുമില്ല.... ഒരു ഭ്രാന്തനനുകൂലമായി മറ്റൊരു ഭ്രാന്തന്റെ സാക്ഷ്യം കൊണ്ടെന്തു ഫലം?....

രാ: എങ്കിലും നാം നദീജലം അല്പം പോലും പാനം ചെയ്തിട്ടില്ല. മന്ത്രിക്കറിയാം....

മ: അറിയാം തിരുമേനീ.

രാ: ജലപാനം ചെയ്യാത്തതുകൊണ്ട് നാം ഭ്രാന്തിൽനിന്നും സുരക്ഷിതനാണ്. പ്രജകൾ ജലപാനം ചെയ്തിട്ടുള്ളതുകൊണ്ട് അവർക്ക് ഭ്രാന്ത് പിടിച്ചിട്ടുമുണ്ട്......

മ: ജലപാനം ചെയ്തിട്ടുള്ളതുകൊണ്ട് അവർ ചിത്തഭ്രമത്തിൽനിന്ന് രക്ഷപ്പെട്ടിരിക്കുന്നുവെന്നും രാജാവിന്നും മന്ത്രിക്കും മാത്രമാണ് ഭ്രാന്ത് ബാധിച്ചിട്ടുള്ളതെന്നും അവർ പറയുന്നു. കാരണം നാം ജലപാനം ചെയ്യുന്നില്ല......

രാ: ഭ്രാന്ത് പിടിച്ച ജനങ്ങൾ അങ്ങനെ പലതും പറയും.

മ: പക്ഷെ, അവർ പറയുന്നത് യഥാർത്ഥ്യമായി അംഗീകരിക്കപ്പെടുന്നുമുണ്ട്... എന്നാൽ ഒരാൾ പോലും നാം പറയുന്നത് ശരിയാണെന്ന് വിശ്വസിക്കുന്നില്ല.

രാ: യാഥാർത്ഥ്യത്തെ കീഴ്മേൽ മറിക്കാൻ ജനങ്ങൾക്കിത്ര മിടുക്കോ?

മ: (ചിരിയടക്കിക്കൊണ്ട്) യാഥാർത്ഥ്യം......?!

രാ: മന്ത്രി ചിരിക്കുന്നോ?

മ: യാഥാർത്ഥ്യം! അതെവിടെയാണെന്ന് ആർക്കറിയാം.

രാ: (സംഭ്രമത്തോടെ) എന്തുകൊണ്ട്?

മ: സത്യം, ബുദ്ധി, ശ്രേഷ്ഠത എന്നിവയൊക്കെ ജനങ്ങളുടെ കുത്തകയായിക്കഴിഞ്ഞിരിക്കുന്നു. നമുക്കതെപ്പറ്റി പറയാൻപോലും അർഹതയില്ല....

രാ: നാം?.....

മ: അവിടുത്തേക്ക് തനിച്ച് ഒന്നും ചെയ്യാൻ സാധ്യമല്ല.

(രാജാവ് ചിന്താമൂകനായി അല്പനേരം തല താഴ്ത്തുന്നു. പിന്നെ തലയുയർത്തുന്നു.)

രാ: മന്ത്രി പറഞ്ഞതാണ് വാസ്തവം. ഈ ദുരന്തത്തിന്റെ നടുവിൽ അധികകാലം ജീവിക്കുവാൻ നമുക്ക് കഴിയുകയില്ല.

മ: അതെ, രാജാവേ! റാണിയോടും പ്രജകളോടുമൊപ്പം പരസ്പരധാരണയോടുകൂടി സ്വൈര്യമായി ജീവിക്കുകയാണ് നമുക്ക് നല്ലത്. അതിന്റെ വിലയായി നമ്മുടെ ബുദ്ധിതന്നെ നല്കേണ്ടി വന്നാലും!.

രാ: (ചിന്താഭാരത്തോടെ) അതെ! അതുതന്നെയാണ് നമുക്കുത്തമം. റാണിയോടും പ്രജകളോടും കൂടിയുള്ള സുഖജീവിതം നമുക്ക് പ്രദാനം ചെയ്യുക ഭ്രാന്താണ്!....ഈ ബുദ്ധി...എന്തിനാണീ നാശം പിടിച്ച ബുദ്ധി.

മ: വേണ്ട, അത് നമ്മെ എല്ലാവരിൽനിന്നും ഒറ്റപ്പെടുത്തും....എല്ലാവരുടേയും ദൃഷ്ടിയിൽ നാം ഭ്രാന്തരാവുകയും ചെയ്യും!!....

രാ: ശരിയാണ് ഈ അവസരത്തിൽ ഭ്രാന്തിനെ തെരഞ്ഞെടുക്കാതിരിക്കലാണ് ഭ്രാന്ത്!

മ: തിരുമേനീ...ഇതുതന്നെയാണ് ഞാനും പറയുന്നത്.

രാ: എന്നല്ല ഇപ്പോൾ ബുദ്ധി, നാം ഭ്രാന്ത് സ്വീകരിക്കലാണ്.

മ: അക്കാര്യത്തിൽ ഒട്ടും സംശയമില്ല.

രാ: അല്ല....! ഇപ്പോൾ ഭ്രാന്തും ബുദ്ധിയും തമ്മിലെന്താണ് വ്യത്യാസം?..

മ: (അല്പനേരം ചിന്തിച്ചുനിന്ന ശേഷം) ഒരു വ്യത്യാസവും കാണാൻ കഴിയുന്നില്ല!!!....

രാ: (ധൃതിയിൽ) ആരവിടെ? ഒരു കോപ്പ നദീജലം കൊണ്ടുവരട്ടെ.!!

– കർട്ടൻ –